# കർഷകർക്കു തിരിച്ചടിയായി നെല്ലിനു ഓലകരിച്ചിൽ രോഗവും

Deepika 04-09-18, P-4

പഴയന്നൂർ: പ്രളയക്കെടുതികൾക്കു പുറമേ നെല്ലിന് ഓലകരിച്ചിൽ രോഗംകൂടിയായപ്പോൾ കർഷകർക്ക് തിരിച്ചടിയായി. പഴയന്നൂർ ബ്ലോക്കിലെ മിക്കയിടങ്ങളിലുമാണ് രോഗത്തിന്റെ ആക്രമണം കൂടുതൽ അനുഭവപ്പെട്ടതെന്ന് വിള ആരോഗ്യകേന്ദ്രം അറിയിച്ചു. പാലക്കാട് ജില്ലയിൽ വ്യാപകമായിട്ടുള്ള ബാക്ടീരിയൽ ഓലകരിച്ചിൽ വെള്ളപ്പൊക്കത്തിലൂടെ സമീപ പഞ്ചായത്തുകളിലേക്കും വ്യാപിച്ചതാണ് പ്രധാന കാരണം.

മണ്ണിലുള്ള സാന്തോമോണാസ് ഒറൈസ എന്ന ബാക്ടീരിയ മൂലമാണ് രോഗമുണ്ടാകുന്നത്. ഒഴുകുന്ന വെള്ളത്തിലൂടെ ഈ രോഗം പൊടുന്നനെ പടരും. നെല്ലിന്റെ ഓലയുടെ അഗ്രഭാഗമാണ് ആദ്യം മഞ്ഞനിറമായി മാറുക. പിന്നീട് കരിഞ്ഞുണങ്ങും.

ഓലയുടെ രണ്ടുവശവും വൈക്കോൽ നിറത്തിലാക്കി മാറ്റുന്നു. ഈ രോഗത്തിന്റെ ആക്രമണ തോതും വളരെ കൂടുതലാണ്. നിയന്ത്രണത്തിനായി പച്ച ചാണകം അഞ്ചുകിലോ 50 ലിറ്റർ വെള്ളത്തിൽ നന്നായി കുതിർത്തിയിട്ട് തെളി ഊറ്റിയെടുത്ത് തളിക്കാവുന്നതാണ്. ഒരേക്കർ സ്ഥലത്തേക്കാണ് ഇത്രയും അളവ് ഉപയോഗിക്കേണ്ടത്.

കൂടാതെ ശക്തമായ ആക്രമണമാണെങ്കിൽ സ്ട്രെപ്റ്റോസൈക്ലിൻ എന്ന ആന്റിബയോട്ടിക് ആറുഗ്രാം 60 ലിറ്ററിലെടുത്ത് ഒരേക്കർ നെല്ലിന് തളിച്ചുകൊടുക്കാം. ബ്ലീച്ചിംഗ് പൗഡർ ചെറിയ കിഴി കെട്ടി പാടത്തും തോടുകളിലും ഇട്ടുകൊടുക്കണം - പഴയന്നൂർ കൃഷി ഓഫീസർ പറഞ്ഞു.



പഴയന്നൂർ മേഖലയിലെ നെൽപാടങ്ങളിൽ നെല്ലിന് ഓലകരിച്ചിൽ രോഗം പിടിപെട്ടപ്പോൾ.